# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2468** **13.02.2013** -ൽ മറുപടിക്ക്

ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) | ഹൗസിംഗ് ബോർഡ് ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഇതു സംബന്ധമായ ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | 24.10.1994 ലെ സ.ഉ (എം. എസ്) നം.17/94/പ്ളാനിംഗ് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്ക്കരണത്തിന് അർഹതയില്ല. ടി ഉത്തരവ് അനുസരിച്ച് ശമ്പള പരിഷ്ക്കരണ ശുപാർശ സർക്കാരിന് സമർപ്പിക്കുന്നതിന് തൊട്ടുമുൻപുള്ള തുടർച്ചയായ 2 വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ശമ്പള പരിഷ്ക്കണം അനുവദിക്കാൻ കഴിയൂ. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡിന് ശമ്പള പരിഷ്ക്കരണം അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ |

ഉത്തരവിൽ അയവു വരുത്തി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ടായിരുന്നു.

| | |
|---|---|
| (സി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ച്, ജീവനക്കാരുടെ സംഘടന നടത്തി വരുന്ന സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ